MR. K. P. NILAKANTA PILLAI: I am not moving the amendment. (*Laughter*)

Rule No. 43 was read and passed. The rule reads as follows.

43. Casual vacancies in any Committee shall be filled as soon as possible after they occur by election by the Representative Body in such manner as the President may determine, or by co-option, or by nomination, as the case may be.

RULE NO. 44.

44. The motion by which a committee is to be set up may fix the time within which the committee shall present its report, if any.

Rule no 44 was read and passed.

RULE NO. 45.

45. The report of a committee shall be presented to the Representative Body by the Chairman of the committee unless the committee otherwise provides, and a copy thereof shall be forwarded to the Office of the Representative Body.

Rule No. 45 was read and passed.

RULE NO. 46.

HON'BLE MR. A. THANU PILLAI (*Trivandrum II—General*): ഈ വകുപ്പിനെ സംബന്ധിച്ച് എനിക്ക് ഒരു കാര്യം പറയുവാനുണ്ട്. ഈ റൂൾ എങ്ങിനെയിരുന്നാലും കമ്മിറ്റി എന്തു ചെയ്താലും ഗവണ്മെന്റിന്റെ അനുവാദത്തോടുകൂടി മാത്രമേ പണം കിട്ടാൻ വഴിയുള്ളൂ. ആ സ്ഥിതിക്ക് മേലാൽ തർക്കങ്ങളും ഉണ്ടാകാതിരിക്കാനും സുഗമമായി കാര്യങ്ങൾ നടത്താനും ഞാൻ ഒരു ഭേദഗതി ഇപ്പോൾ അവതരിപ്പിക്കാമെന്നു വിചാരിക്കുന്നു. ഇതാണ് ആ ഭേദഗതി: അതായത്, "By the standing committee" എന്നു കഴിഞ്ഞിട്ട് "in consultaion with the Finance Department of the Goverment and" എന്നു കൂടി ചേർക്കണം. ഇതു നിശ്ചയിക്കുന്നതിനു മുൻപായി ഫൈനാൻസ് ഡിപ്പാർട്ടുമെൻറുമായി ആലോചിച്ചു ചെയ്യുന്നതാണ് നല്ലത്.

MR. P. BALAKRISHNAN THAMPI: May I ask the Honourable Prime Minister whether it is in consonance with rule 37 which gives constituent powers to this Assemly to frame Budgets, find out the funds and fix the salaries.

HON'BLE MR. A. THANU PILLAI: അതെ. ബഡ്ജറ് തയാറാക്കുന്നതു സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ജോലിയാണ്. പക്ഷേ ഗവണ്മെൻറ് അനുവദിക്കാതെ പണം കിട്ടുമോ? അതുകൊണ്ട് ഫൈനാൻസ് ഡിപ്പാർട്ടുമെൻറുമായി ആലോചിച്ച് ഒരു ബഡ്ജറ് തയാറാക്കുന്നതാണ് കാര്യനടപ്പിന് എളുപ്പം.

LIBRARY ARCHIVES Kerala Legislative Assembly

MR. A. NESAMONY (*Vilavancode—S. I. U. C. Reserved*) : The statement of expenditure will be subject to the vote of the Legislature when the voting of demands takes place. A grant will have to be made in the Budget and voted upon by the Legislature while the Legislature has sanctioned the Budget for this Body. This standing Committee prepares a statement of accounts in consonance with the Budget that have been approved by the Legislature. I believe that is the procedure. I may submit that, there is no use, Sir, by inserting the clause in consultation with the Financial Department.

HON'BLE MR. A. THANU PILLAI : ചെലവിനെ സംബന്ധിച്ച് നിർദ്ദേശങ്ങൾ കൊണ്ടുവരുവാനുള്ള അധികാരം ഗവണ്മെൻറിനേയുള്ളൂ. ഏതു കാര്യത്തെ സംബന്ധിച്ചുള്ള ചെലവുചെയ്യണമെങ്കിലും ഫൈനാൻസ് ഡിപ്പാർട്ടുമെൻറുമായി ആലോചിച്ച് ഗവണ്മെൻറ് അതിനുള്ള നിർദ്ദേശം കൊണ്ടുവന്നതിനു ശേഷമേ, ഗവണ്മെൻറിൻറെ അനുവാദം ലഭിച്ചതിനുശേഷമേ സാധിക്കയുള്ളൂ. ഇന്ന ഇന്ന ചെലവു ചെയ്യണമെന്നു പറയേണ്ടതു ഗവണ്മെൻറാണ്. എന്നാൽ ഗവണ്മെൻറുകൊണ്ടുവരുന്ന നിർദ്ദേശങ്ങൾ അനുവദിക്കണമോ വേണ്ടയോ എന്നു നിശ്ചയിക്കേണ്ടതു നിയമസഭയാണ്. ഇന്നത്തെ അർത്ഥം അനുസരിച്ച് ചെലവുചെയ്യാനുള്ള അധികാരം ഗവണ്മെൻറിനു മാത്രമാണിരിക്കുന്നതു്.

MR. K. R. ELANKATH : സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. ബഹുമാനപ്പെട്ട മെമ്പർ മി. തമ്പി ഫൈനാൻസ് മിനിസ്റ്റർ എന്നു സംബോധന ചെയ്യുകയുണ്ടായി. ഇതു പ്രതിനിധിസഭയാകയാൽ ആ സംബോധന ശരിയാണോ എന്നറിഞ്ഞാൽ കൊള്ളാം.

MR. PRESIDENT : ലീഡർ ഓഫ് ദി ഹൗസ് എന്നു പറയുന്നതായിരിക്കും കൂടുതൽ ശരി.

MR. R. SANKAR (*Quilon IV—General*): Will the Chair give a ruling whether this body is a sovereign body or a creature of the Government of Travancore ?

MR. PRESIDENT : This is not a sovereign body, it has been constituted under the Proclamation of His Highness the Maharaja.

MR. P. T. CHACKO (*Kottayam II—General*) : Is this House subservient to the Government of Travancore ?

MR. PRESIDENT : അല്ല.

MR. R. V. THOMAS (*Meenachil II—General*) : Is this body subservient to the Finance Department ?

MR. K. A. MUHAMMED : സർ, ബഡ്ജറ്റ് എന്നു പറയുന്നതു് വരവും ചെലവും കൂടിയുള്ളതാണ്. നാം ചെലവിനെപ്പറ്റിമാത്രമേ പറയുന്നുള്ളൂ. വരവു എവിടെനിന്നുണ്ടാകുന്നു എന്നു പറയുന്നില്ല. ആ നിലക്ക് ഫൈനാൻസ് ഡിപ്പാർട്ടുമെൻറുമായി ആലോചിക്കണ

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. A. Muhammed]

മെന്നു പറഞ്ഞാൽ നാം വരവിനെപ്പറ്റി യാതൊന്നും പറയാതെ ചെലവിനെപ്പറ്റി മാത്രം പറയുമ്പോൾ കാര്യങ്ങൾ എങ്ങനെ ശരിപ്പെടുമെന്നു എനിക്കു മനസ്സിലാകുന്നില്ല. അതുകൊണ്ടു് ഈ ഭേദഗതി അനുവദിക്കത്തക്കതാണോ എന്നാണെന്റെ സംശയം.

MISS ANNIE MASCARENE (*Trivandrum I—Latin Catholic Reserved*): സർ, ഒരു പോയിന്റു് ഓഫ് ഓർഡർ. ഒരു ഭേദഗതി അവതരിപ്പിക്കണമെന്നുണ്ടെങ്കിൽ ഇതിനു മുമ്പു് അറിയിച്ചിരിക്കേണ്ടതായിരുന്നു. ഈ വകുപ്പു് വാദപ്രതിവാദത്തിനു് എടുത്ത ഘട്ടത്തിൽ ഒരു ഭേദഗതി അയക്കാൻ ഏതെങ്കിലും മെമ്പർക്കു് അധികാരമുണ്ടോ?

MR. PRESIDENT : പ്രസിഡൻറു് അനുവദിച്ച ഏതു ഘട്ടത്തിലും ഭേദഗതി അവതരിപ്പിക്കുവാൻ മെമ്പറന്മാർക്കു് അവകാശമുണ്ടു്. ഈ ഭേദഗതി അവതരിപ്പിക്കുവാൻ ഞാൻ അനുവാദം കൊടുത്തതാണു്.

MR. K. K. CHELLAPPAN PILLAI : ഈ സഭയുടെ ചെലവു നിർണ്ണയിക്കുന്നതിനുള്ള പൂർണ്ണമായ അധികാരം ഈ സഭയ്ക്കില്ലേ?

MR. PRESIDENT : അതിനെപ്പറ്റിയാണു് ഇപ്പോൾ ഇവിടെ വാദപ്രതിവാദം നടക്കുന്നതു്.

MR. G. RAMACHANDRAN (*Neyyattinkara III—General*): വാദപ്രതിവാദം നടക്കുന്നതു് അതിനെപ്പറ്റിയാണെങ്കിലും ഏതുവഴിയിൽക്കൂടിയാണു് അതു നടപ്പിൽ വരുത്തേണ്ടതു് എന്നാണു് ഇപ്പോഴത്തെ അലോചനാവിഷയം. നാം ഇവിടെ ചർച്ച ചെയ്തു് ഒരു ബഡ്ജറുണ്ടാക്കുകയാണെങ്കിൽ അതിനെപ്പറ്റി ഗവണ്മെൻറിനു് എന്തെങ്കിലും വ്യത്യസ്തമായ അഭിപ്രായമുണ്ടെങ്കിൽ അതു വീണ്ടും ഈ സഭയുടെ മുമ്പാകെ കൊണ്ടുവരികയും ഈ സഭയുടെ പുനരാലോചനയ്ക്കുശേഷം അതുകയ്ക്കു് എന്തെങ്കിലും മാറ്റം വരുത്തുകയും ചെയ്യാമെന്നല്ലാതെ ആ ബഡ്ജറിനു് എന്തെങ്കിലും ഭേദഗതി ചെയ്യുവാൻ ഗവണ്മെൻറിനു സാധ്യമല്ല, അവകാശവുമില്ലെന്നാണു് എന്റെ അഭിപ്രായം. അതുകൊണ്ടു് ലീഡർ ഓഫ് ദി ഹൌസ് ഇവിടെ കൊണ്ടുവന്ന ആ ഭേദഗതി ഒരു പക്ഷേ അവശ്യമില്ലെന്നു് വരും.

MR. V. O. MARKOS : സർ, ഈ റൂളിനെപ്പറ്റി, അതായതു് ഈ റൂളിന്റെ വ്യാപ്തിയെപ്പറ്റി, തെറ്റിദ്ധാരണയുള്ളതുകൊണ്ടാണു് ഈ വാദപ്രതിവാദത്തിനിടയായതെന്നു് ഞാൻ വിചാരിക്കുന്നു. ശ്രീമാൻ പട്ടം താണുപിള്ള പറഞ്ഞതു് ഈ റെപ്രസന്റേറ്റീവു് ബോഡി ചെലവു ചെയ്യുന്ന തുക തിരുവിതാംകൂർ ഗവണ്മെൻറിൽനിന്നും കിട്ടേണ്ടതാണു്.

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ട് ഫൈനാൻസ് ഡിപ്പാർട്ടുമെൻറുമായി ആലോചിച്ച് ബഡ്ജറു തയ്യാറാക്കണം എന്നാണു. അതിൻെറ ഉദ്ദേശം ഇവിടെ ഒരുവിധത്തിൽ ചെലവിനുള്ള കണക്കുകൾ തയാറാക്കിയെടുക്കുക മാത്രം മതിയാകുകയില്ല എന്നും പണം ഗവണ്മെൻറനുവദിച്ചില്ലെങ്കിൽ കാര്യം വിഷമത്തിലാകയില്ലേ എന്നും കരുതി രണ്ടിനും പോംവഴിയായി ഒരു മാർഗ്ഗം ഉണ്ടാവണം എന്നുള്ളതാണ്.

MR. A. NESAMONY: Suppose the legislature throws out the whole demand.

MR. V. O. MARKOS: ഞാൻ പറഞ്ഞതു് ഒന്നുകൂടി വ്യക്തമാക്കാം. "ബഡ്ജറു്" എന്നും "സ്റ്റേറുമെൻറു് ആഫ് എസ്റ്റിമേറഡ എക്സ്പെൻഡിച്ചർ" എന്നും വന്നതുകൊണ്ടാണു് കുറച്ചു ചിന്താകുഴപ്പം ഉണ്ടാകുന്നതെന്നു് തോന്നുന്നു. ർസ്സാംവകുപ്പുകൊണ്ടു ഉദ്ദേശിച്ചിരിക്കുന്നതു് ഒരു ബഡ്ജറോ അല്ല. ശരിയായ ബഡ്ജറു് എന്നു പറയുന്നതു വരവും ചെലവും നിയന്ത്രിക്കുവാനധികാരമുള്ള ഒരു സ്ഥാപനത്തിനു് മാത്രമെ ഉണ്ടാക്കുവാനധികാരമുള്ളു. ഇത്ര രൂപാ വരവുണ്ടാക്കണമെന്നും ഇത്ര രൂപാ ചെലവുചെയ്യാമെന്നും നിശ്ചയിക്കുന്ന ഒരു ബാഡിയാണു് ബഡ്ജറ്റ് ഉണ്ടാക്കുന്നതു്. ഈ സഭയ്ക്കു ഇത്ര രൂക വരവുണ്ടാക്കണമെന്നു് പറയുവാൻ അധികാരമില്ല. ർസ്സാംവകുപ്പനുസരിച്ചു് ഈ ബാഡി ചെയ്യുന്നതു് ഇന്നയിന്ന കാര്യങ്ങൾക്കെല്ലാം ഇന്നയിന്ന ചെലവു വരും എന്നൊരു സ്റ്റേറുമെൻറു തയാറാക്കുകമാത്രമാണു് - അതിനു് ബഡ്ജറു് എന്നു തലക്കെട്ടിൽ പേർ പറഞ്ഞുവെന്നേയുള്ളു. എത്രരൂപാ ചെലവുണ്ടാകുമെന്നു് ഈ സഭ ബുദ്ധിപൂർവ്വമായി ആലോചിച്ചു തീർച്ചചെയ്യും. അങ്ങനെ തീർച്ച ചെയ്യുന്നതു അതിലക്ഷ വ്യവസ്ഥാപിത ഗവണ്മെൻറു കൊടുക്കുന്ന ഗ്രാൻറു് അനുസരിച്ചുതന്നെയായിരിക്കും. ആ ഗ്രാൻറു അറിഞ്ഞതിനു ശേഷമെ മിക്കവാറും എസ്റ്റിമേറു് തയാറാക്കുകയുള്ളു. അതുകൊണ്ടു് നാം തയാറാക്കുന്ന ബഡ്ജറു ഗവണ്മെൻറു് അനുവദിക്കയില്ല എന്നോ, അല്ലെങ്കിൽ നമുക്കു് ഒരു ബഡ്ജറു തയാറാക്കുവാൻ അധികാരമില്ലഎന്നോ ഉള്ള കുഴപ്പങ്ങളെപ്പറ്റി ഭയപ്പെടേണ്ട കാര്യമില്ല. ഈ കരണത്താൽ ബഹുമാനപ്പെട്ട മി. താണുപിള്ളയുടെ ഭേദഗതി ആവശ്യമില്ലെന്നു് ഞാൻ വിചാരിക്കുന്നു.

MR. G. RAMACHANDRAN: ബഹുമാനപ്പെട്ട മെമ്പർ ഒരു ഗ്രാൻറിൻെറ കാര്യം പറഞ്ഞു. ഈ കാര്യം എവിടെ നിന്നും വന്നു എന്നറിഞ്ഞാൽ കൊള്ളാം. ഗ്രാൻറിൻെറ ആവശ്യം തന്നെ ഈ ചർച്ചക്കിടയിൽ എങ്ങിനെ ഉണ്ടായി എന്നു പറഞ്ഞാൽ കൊള്ളാം.

LIBRARY ARCHIVES Kerala Legislative Assembly

MR. K. A. MUHAMMED: എനിക്ക് വേറൊരു സംശയം കൂടിയുണ്ട്. ഗവണ്മെൻറു തരുന്ന ഗ്രാൻറു നാം ഉപയോഗിക്കുകയാണോ, നാം ആവശ്യപ്പെട്ടതു കൊണ്ടാണോ ഗവണ്മെൻറു തരുകയാണോ ചെയ്യുന്നത്?

MR. V. O. MARKOS: ഈ റെപ്രസന്റേറ്റീവു ബാഡി തന്നെ ലെജിസ്ലേറ്റീവു് അസംബ്ളിയായി ഫങ്ഷൻ ചെയ്യുന്നതുകൊണ്ടു് ഗവണ്മെൻറു തരുന്ന ഗ്രാൻറു നാം ഉപയോഗിക്കുന്നു എന്നുമില്ല; നാം ആവശ്യപ്പെട്ടതു കൊണ്ടു ഗവണ്മെൻറു തരുന്നു എന്നുമില്ല. പരസ്പരം ആലോചിച്ചു് തീരുമാനിക്കുന്നതുകൊണ്ടു്.....

MR. G. RAMACHANDRAN: ഇതു് റെപ്രസന്റേറ്റീവു ബാഡിയല്ലേ? നിയമസഭയല്ലല്ലോ. അതുകൊണ്ടു് നിയമസഭയുടെ കാര്യം ഇവിടെ ചർച്ചചെയ്തിട്ടു് ആവശ്യമുണ്ടോ?

MR. V. O. MARKOS: മി. മഹമ്മദിൻറെ ഒരു സംശയത്തിനു ഞാൻ മറുപടി പറയുകയായിരുന്നു. ഈ പ്രതിനിധിസഭ ഒരു നിയമസഭയായിക്കൂടി രൂപാന്തരപ്പെടുമെന്നു് മനസ്സിൽ വച്ചുകൊണ്ടുവേണം ഗ്രാൻറു തരുന്നതിനേയും മറ്റും പറ്റി നാം ആലോചിക്കുവാൻ. ലെജിസ്ലേറ്റീവു അസംബ്ളിയിൽ ഈ രാജ്യത്തെ വരവു ചെലവുകൾക്കു് ഒരു ബഡ്ജറു ഉണ്ടാകും. അതിൽ റെപ്രസന്റേറ്റീവു ബാഡിയുടെ ചെലവിലേക്കുള്ള ഒരു ഇനംകൂടി ഉണ്ടാകുകയും ചെയ്യും. സാധാരണയായി ആ ഫണ്ടു് അനുവദിക്കുന്ന തുകയ്ക്കു "ഗ്രാൻറു" എന്നു പറയപ്പെടുന്നതിനെയാണു് ഞാനിവിടെ ഗ്രാൻറു് എന്നു പറഞ്ഞതു്. നാം കൊടുക്കുന്ന ബഡ്ജറു മുഴുവനായി നിയമസഭ നിഷേധിച്ചു എന്നു വന്നാൽ ആ അവസരത്തിൽ എന്താണു് ചെയ്യേണ്ടതെന്നു് ഇവിടത്തെ ജനങ്ങൾക്കു അറിയാം, അതു അവർ പ്രവർത്തിച്ചു കൊള്ളുകയും ചെയ്യും. അതെപ്പറ്റി നാം വളരെ അധികം ചിന്തിക്കേണ്ട ആവശ്യമില്ല. ഒരു തിരുവെഴുത്തു വിളംബരപ്രകാരം കൂടിയിരിക്കുന്ന ഈ സഭയുടെ ആവശ്യത്തിനുള്ള ധനം ഗവണ്മെൻറു തരുകതന്നെ ചെയ്യും. തന്നില്ലെങ്കിൽ എന്തുചെയ്യുമെന്നുചോദിച്ചാൽ ഇതിൽ കൂടുതലൊന്നും എനിക്കു പറയുവാനില്ല. ഏതായാലും നിയമസഭയിൽ അനുവദിക്കുന്ന തുകയല്ലാതെ റെപ്രസന്റേറ്റീവു ബാഡിക്കു് കിട്ടുന്നതല്ല. എന്നാൽ റെപ്രസന്റേറ്റീവു ബാഡിയുടെ ന്യായമായ ചെലവിനു വേണ്ടിടത്തോളം തുക—കുറച്ചുകൂടുതലും—ഗവണ്മെൻറു തരുകതന്നെ ചെയ്യും ബഹുമാനപ്പെട്ട മെമ്പർ മി. താണുപിള്ള നാം തയാറാക്കുന്ന ആ ബഡ്ജറു ഫൈനാൻസു ഡിപ്പാർട്ടുമെൻറിൻറെ ആലോചനയ്ക്കുകൂടി വേണമെന്നു് പറയുന്നതിനോടു

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ യോജിക്കുന്നില്ല. നാം തയാറാക്കുന്ന സ്റ്റേറ്റുമെൻറ് മെമ്പറന്മാരുടെ സഞ്ചാരച്ചെലവ്, സ്റ്റാഫിൻറെ ശമ്പളം മുതലായി ഇന്നയിന്ന ഇനങ്ങളിൽ ഇരുപതിനായിരം രൂപ ചെലവാകും എന്നുള്ളതായിരിക്കും. ആ തുകയെ ഏതെങ്കിലും വിധത്തിൽ കുറയ്ക്കുവാനോ, അതേ സംബന്ധിച്ചു മറ്റു എന്തെങ്കിലും പ്രേരണ ചെലുത്തുവാനോ ഉള്ള അധികാരമോ അവകാശമോ ഫൈനാൻസു ഡിപ്പാർട്ടുമെൻറിനോ ഗവണ്മെൻറിനോ ഉണ്ടായിരിക്കുവാൻ പാടില്ല. പ്രൊവിൻഷ്യൽ റവന്യൂ ഫണ്ടിൽ നിന്നു ഏതെങ്കിലും ഒരു തുക, പതിനായിരമോ, അൻപതിനായിരമോ രൂപാ, നിയമസഭ അനുവദിക്കുന്നു എന്നു പറഞ്ഞാൽ ആ തുക ഇന്ന പ്രോജനത്തിനുവേണ്ടിയാണു് ചെലവു ചെയ്യേണ്ടതു എന്നു നിശ്ചയിക്കേണ്ടതു് ഈ സഭതന്നെയാണു്. ഗവണ്മെൻറിൽ ഇടപെടുകയാണു്. ഗവണ്മെൻറിൽ നിന്നു അങ്ങനെയുള്ള ഇടപെടൽ പാടില്ലെന്നു പ്രതിജ്ഞചെയ്തുകൊണ്ടാണു് ഭരണം വകുപ്പു കൈകാര്യം ചെയ്തുവന്നിട്ടുള്ളതു്, എന്നാൽ നിയമസഭ അനുവദിക്കുന്ന ഗ്രാൻറിനു് അനുരൂപമായിരിക്കണം നമ്മുടെ ബഡ്ജറ്റു് എന്നുള്ള സംഗതിയും വിസ്മരിച്ചുകൂടാ. ഈ വ്യക്തമാക്കുന്നതിനു വേണ്ട രൂപത്തിൽ മാത്രം, ആവശ്യമെങ്കിൽ, ഈ ഭേദഗതിയെ സ്വീകരിക്കാമെന്നേയുള്ളൂ. പക്ഷേ ഭേദഗതികൂടാതെതന്നെ ഇതു വ്യക്തമാണെന്നു് ഞാൻ വിചാരിക്കുന്നു.

HON'BLE MR. A. THANU PILLAI: മി. മാക്കോസ്സു് പറഞ്ഞതിനോടു് ഞാൻ യോജിക്കുന്നുണ്ടു്. സഭയുടെ തീരുമാനത്തിലോ അല്ലെങ്കിൽ സഭ തയാറാക്കുന്ന ബഡ്ജറ്റിലോ ഫിനാൻസു ഡിപ്പാർട്ടുമെൻറു് ഇടപെടണം എന്നു് ഈ ഭേദഗതികൊണ്ടു ഉദ്ദേശിച്ചിട്ടേയില്ല; പഴയ ഭരണസമ്പ്രദായം മനസ്സിൽവച്ചുകൊണ്ടാണു് ചിലർ ഇതിനെപ്പറ്റി പരിചിന്തനം ചെയ്തിട്ടുള്ളതെന്നു് തോന്നുന്നു. ഇന്നു് ഗവണ്മെൻറും നാം തന്നെ, റിപ്രസെൻറേറ്റീവു് ബോഡിയും നാംതന്നെ.

MR. A. NESAMONY: Is it enough that we here resolve to spend so much?

HON'BLE MR. A. THANU PILLAI: ഗവണ്മെൻറും നമ്മളുമായിട്ടു് എതിരില്ലെന്നു പറയുമ്പോൾ ഈ ചോദ്യം ഉത്ഭവിക്കുന്നില്ല എന്നുകൂടി പറഞ്ഞുകൊള്ളട്ടെ. ആ മനോഭാവത്തോടുകൂടിയല്ല നാം കാര്യങ്ങൾ വിചാരിക്കേണ്ടതു്. വേണ്ട തുക ഗവണ്മെൻറു നിശ്ചയമായും അനുവദിക്കും. എന്തെങ്കിലും ന്യായക്കേടു ചെയ്യണമെന്നുള്ള വിചാരവും ആർക്കുമില്ല. ഗവണ്മെൻറു അനുവദിക്കുന്ന തുകയിന്മേൽ ഈ സഭയ്ക്കു പരിപൂർണ്ണമായ സ്വാതന്ത്ര്യമുണ്ടായിരിക്കണമെന്നു് മി. മാക്കോസ്സു്

LIBRARY ARCHIVES Kerala Legislative Assembly

[Hon'ble A. Thanu Pillai]

പറയുകയുണ്ടായി. അതിനോടു ഞാനും യോജിക്കുന്നു. ഇതിനകത്തു് എന്തെങ്കിലും പ്രേരണ ചെലുത്തണമെന്നോ അല്ലെങ്കിൽ സ്വാധീനം ചെലുത്തണമെന്നോ എനിക്കുദ്ദേശമില്ല. ഫിനാൻസു് ഡിപ്പാർട്ടുമെൻറിനു് ഇങ്ങനെയുള്ള കാര്യങ്ങളെ സംബന്ധിച്ചു് കൂടുതൽ പരിചയമുണ്ടു്. ഇവിടെ ചെയ്യുന്ന തീരുമാനം ഗവണ്മെൻറു് എതിർക്കുമെന്നും തന്നെ ധരിക്കരുതു്. രണ്ടും നമ്മുടേതാണു്. എന്നാൽ ഇവിടെനിന്നും എന്തെങ്കിലും ഒന്നു തീർച്ചചെയ്താൽ അതേപ്പറ്റി പിന്നെ ആലോചിക്കുവാൻ ഇടവരുത്തരുതെന്നുള്ള വിചാരംകൊണ്ടാണു് ഈ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നതു്. ഫിനാൻസു് ഡിപ്പാർട്ടുമെൻറുമായി ആലോചിച്ചുചെയ്താൽ പിന്നെ അതേപ്പറ്റി ആലോചിക്കേണ്ട കാര്യം ഉണ്ടാകുകയില്ല. ഞാൻ ഈ പറഞ്ഞതു് എല്ലാവരും ശരിക്കു മനസ്സിലാക്കുമെങ്കിൽ ഈ ഭേദഗതിയെ ആക്കം എതിർക്കേണ്ട ആവശ്യം വരികയില്ലെന്നാണു് എൻറെ വിശ്വാസം. ഗവണ്മെൻറും നാമും രണ്ടാണെന്നു് പണ്ടത്തെപ്പോലെതന്നെ വിചാരിച്ചു് ആരും വൈഷമ്യം ഉണ്ടാക്കരുതെന്നും എനിക്കപേക്ഷയുണ്ടു്. മി. മാക്കോസിൻെറ വിശദീകരണം ധാരാളം മതിയാകുന്നതാണു്. അതിലും കടന്ന രീതിയിൽ കാര്യങ്ങൾ സുഗമമായി നടക്കുന്നതിനുവേണ്ടിയാണു് ഞാൻ ഈ ഭേദഗതി കൊണ്ടുവന്നതു്.

MR. A. NESAMONY: Am I to understand that if we disagree with the Financial Secretariat, Government would not sanction any amount?

HON'BLE MR. A. THANU PILLAI: That question does not arise now. We want to work in unison. I can tell Mr. Nesamony that we want to work in full co-operation with the Representative Body. We should not expect any conflict between this body and the Government. After all, the Government is the people's.

MR. A. NESAMONY: I understood the Honourable Member to suggest that the Financial Secretariat is infallible. Suppose there is a conflict. Who is to decide? Is it the Government?

HON'BLE MR. A. THANU PILLAI: I never meant a conflict even.

MR. P. T. CHACKO: ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. മി. മാക്കോസ്സിൻെറ വിശദീകരണമനുസരിച്ചു് ഗവർമ്മൻറു് ഗ്രാൻറു തരുമെങ്കിൽ ഗ്രാൻറു് അലോട്ടു ചെയ്യുന്നതു് അസംബ്ലിയാണു്. നേരെ മറിച്ചു് മുൻകാലങ്ങളിലാണെങ്കിൽ ഗ്രാൻറനുവദിക്കുന്നതു ഗവർമ്മെൻറാണു്. എന്നാൽ ഇന്നു നമ്മുടെ ഒരു ഗവർ

LIBRARY ARCHIVES Kerala Legislative Assembly

മെന്റ് നിലവിലുള്ളതുകൊണ്ട് ഗ്രാന്റനുവദിക്കുമെന്ന നമുക്ക നിശ്ചയിക്കാം. നമ്മുടെ ഗവണ്മെന്റായതുകൊണ്ട് ഗ്രാന്റ് തരികതന്നെ വേണം. എന്നാൽ ഗവണ്മെന്റ് തരുന്ന ഗ്രാന്റുകൊണ്ട് ചിലവു നടത്തിക്കൊള്ളാമെന്ന് പറഞ്ഞാൽ അതു സ്വീകരിക്കാൻ നിവർത്തിയില്ല. സഭയാണ് ഇത്ര ചിലവുണ്ടെന്നും ഇത്ര തുക വേണമെന്നും തീരുമാനിക്കേണ്ടതു്.

MR. K. P. NILAKANTA PILLAI : റിപ്ലസെന്റേറ്റീവ് ബാഡിക്ക് അതിന് അധികാരമുണ്ടെന്ന് മെംബർക്കറിയാമോ?

MR. P. T. CHACKO : ഉണ്ടെന്നറിയാം.

MR. K. P. NILAKANTA PILLAI: ഇന്നത്തെ ഗവണ്മെന്റ് ഏതാണെന്ന് മെമ്പർക്കറിയാമോ?

MR. P. T. CHACKO : അതേതാണെന്ന് എല്ലാവർക്കുമറിയാം. റിപ്ലസെന്റേറ്റീവ് ബാഡി നിശ്ചയിക്കുന്ന ചിലവിനുള്ള തുക ഗവണ്മെന്റു പുനഃപരിശോധന ചെയ്യാതെ തരേണ്ടതാണ്.

MR. G. RAMACHANDRAN: ഞാൻ ഒരു ചോദ്യം ചോദിച്ചതിനു മറുപടിയായി, ഏതുകാര്യവും മനസ്സിലാകാത്തവർ മനസ്സിലാക്കുന്നതിനാണ ഒരു വിശദീകരണം തരുന്നതെന്ന് മി. മാർക്കോസ് പറഞ്ഞു. അങ്ങേഹം പറഞ്ഞു പറഞ്ഞു് കൂടുതൽ ചിന്താകുഴപ്പമുണ്ടാക്കുകയാണ ചെയ്തതു്. ഇന്നിവിടെ ചർച്ചക്ക് വന്നിട്ടുള്ള വിഷയം ബഡ്ജറിനെപ്പറ്റിയുള്ളതാണ്. നമുക്ക് ഒരു ലജിസ്ലേറ്റീവു ബാഡിയുണ്ട്. അതു് ഈ കാര്യത്തെപ്പറ്റി ആലോചിക്കുകയാണ ചെയ്യുന്നതെന്ന് പറഞ്ഞു.

MR. V. O. MARKOS: Is my friend supporting or opposing?

MR. G. RAMACHANDRAN : ഒരു ഗ്രാന്റു തരുമെന്നും അതു നമുക്ക സ്വീകാര്യമായിരിക്കുമെന്നും ഉള്ളതു് ശരിതന്നെ.

MR. P. S. MUHAMMED : ഇപ്പോഠം ഏതെങ്കിലും ഒരു ഗവണ്മെന്റ് ഉണ്ടോ എന്നറിഞ്ഞാൽ കൊള്ളാം.

MR. PRESIDENT : മി. താണുപിള്ള ഒരു അമൻറുമെൻറു കൊണ്ടു വന്നിട്ടുണ്ട്.

HONOURABLE MR. A. THANU PILLAI : അതെ

LIBRARY ARCHIVES Kerala Legislative Assembly

MR. PRESIDENT: ഈ ഭേദഗതിയെ അനുകൂലിക്കുന്നു എന്നു് Mr. T. K. നാരായണപിള്ളയും പറയുന്നു.

MR. T. K. NARAYANA PILLAI: ഇതിനെ അനുകൂലിക്കുന്നതോടൊ ക്കടി ഏതാനും ചില കാര്യങ്ങളും സഭയുടെ മുമ്പാകെ പ്രസ്താവിക്കണമെന്നു ഞാൻ വിചാരിക്കുന്നു. ഇതു് ഒരു സാവറിൻ ബാഡിയാണോ എന്നൊരു ചോദ്യം ഇവിടെ ഉണ്ടായി. ഇതു് ഒരു സ്റ്റാറ്റ്യൂട്ടറി ബാഡിയാണെന്നാണു് ഞാൻ മനസ്സിലാക്കിയിട്ടുള്ളതു്. മഹാരാജാവു തിരുമനസ്സിലെ തിരുവെഴുത്തു വിളംബരത്തെ അടിസ്ഥാനപ്പെടുത്തിയാണു ഈ സഭ ഉടലെടുത്തിട്ടുള്ളതു്. ഈ സഭക്കുള്ള അധികാരങ്ങളെല്ലാം വിളംബരംമൂലം പരിമിതപ്പെടുത്തിയിട്ടുണ്ടെന്നാണു് ഞാൻ മനസ്സിലാക്കുന്നതു്. തിരുവിതാംകൂറിൽ ഭാവിപ്രവർത്തനം ചെയ്യേണ്ട ഭരണഘടനയെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ മഹാരാജാവു തിരുമനസ്സിനോടൊന്നിച്ചു് പ്രവർത്തനം ചെയ്യുന്നതിന്റെ ഫലമായിട്ടാണു് ഭാവിയിൽ ഭരണഘടനയുണ്ടാകുവാൻ പോകുന്നതു്. കാണെസ്റ്റിറ്റ്യൂഷണലായി പറയുകയാണെങ്കിൽ ഇതു മഹാരാജാവു തിരുമനസ്സിലെ വിളംബരം മൂലവും അതിലേ വ്യവസ്ഥകൾക്കു് വിധേയമായുമുള്ള സഭ എന്നാണു് ഞാൻ മനസ്സിലാക്കുന്നതു്. നിയമസഭയെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ "Legislative Body sitting with His Highness is the Sovereign Body" അതുകൊണ്ടു് എനിക്കുപറയാനുള്ളതു് തിരുവിതാംകൂറിൽ പ്രവർത്തനം ചെയ്യുന്ന എല്ലാ ഡിപ്പാർട്ടുമെൻറുകളുടേയും ആവശ്യത്തിനു വേണ്ട ചിലവുകൾക്കുള്ള തുക നിശ്ചയിക്കേണ്ടതു് ഇന്നു നിലവിലിരിക്കുന്ന ഗവണ്മെൻറുതന്നെയാണു്. ഇന്നു നിലവിലിരിക്കുന്ന ഗവണ്മെൻറു എന്നതിന്റെ അർത്ഥം ഞാൻ പറഞ്ഞുകഴിഞ്ഞു. ഏതെങ്കിലും ഒരു തുക ഒരു ഡിപ്പാർട്ടുമെൻറിന്റെ ആവശ്യത്തിലേക്കു് അനുവദിക്കണമെങ്കിൽ അതിന്റെ അധികാരം ലെജിസ്ലേറ്റീവു് ബാഡിക്കാണു്. ബഡ്ജറ്റവലോട്ടുമെൻറു ചെയ്യാനുള്ള അധികാരവും ലജിസ്ലേറ്റീവു് ബാഡിക്കു തന്നെയാണു്. അതെങ്ങനെയെല്ലാം വിനിയോഗിക്കണമെന്നു നിശ്ചയിക്കേണ്ടതു് നിശ്ചയമായും ഈ സഭയാണു്. സ്റ്റേറുമെൻറു് ഓഫ് എക്സ്പെൻഡിച്ചർ കൊടുക്കാനുള്ള അധികാരം സഭക്കുണ്ടു്. എന്നാൽ ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുള്ള തുകയേക്കാൾ കൂടുതലായ തുകയാണു ഈ സഭ ചിലവിനത്തിൽ ചേർക്കുന്നതെങ്കിൽ അതു കാര്യനടപ്പിനു വിഘാതമായി തീരുവാനും ഇടയുണ്ടു്. അതുകൊണ്ടു്

LIBRARY ARCHIVES Kerala Legislative Assembly

ഈ സഭയുടേയും ഗവണ്മെൻറിന്റേയും പരസ്പരമുള്ള സൌഹാർദ്ദതയ്ക്കും ഭാവിപ്രവർത്തനം സുഗമമാക്കുന്നതിനും അവർ തമ്മിൽ യാതൊരു വഴക്കുകളും ഇല്ലാതെ കഴിയുന്നതിനും ഇതു ഉപയുക്തമാകുമെന്നുള്ളതു കൊണ്ടു് ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഭേദഗതി സ്വീകാര്യമാണു്.

MR. T. A. ABDULLA (*Ambalapuzha I—Muslim Reserved*): ഒരു ചോദ്യം. ഈ സഭയുടെ ചിലവിന്റെ തുക എന്താണെന്നു വിശദപ്പെടുത്താതെ ഫൈനാൻസ് ഡിപ്പാർട്ടുമെൻറ് ബഡ്ജറിനെ സംബന്ധിച്ചു ക്ലിപ്തപ്പെടുത്തുന്നതെങ്ങനെയാണെന്നറിയാൻ പാടില്ല.

MR. T. K. NARAYANA PILLAI: ഗവണ്മെൻറ് അനൌപചാരികമായി വേണ്ട വിവരങ്ങൾ കൊടുക്കുമെന്നു് ബോധ്യമുള്ളതുകൊണ്ടാണു്.

MR. T. A. ABDULLA: ഫൈനാൻസ് ഡിപ്പാർട്ടുമെൻറ് ഈ സഭയ്ക്കു് ഇന്നതേ തരാൻ സാധിക്കുകയുള്ളൂ എന്നു പറഞ്ഞാൽ അതു് സ്വീകരിക്കണമെന്നാണോ മെംബർ പറയുന്നതു്.

MR. T. K. NARAYANA PILLAI: കൺസൽട്ടേഷൻ എന്ന വാക്കാണു് ഞാൻ ഉപയോഗിച്ചിട്ടുള്ളതെന്നു് മെംബർ മനസ്സിലാക്കണം.

MR. A. NESAMONY: Should that consultation be made statutory?

MR. T. K. NARAYANA PILLAI: That is what is intended by the amendment. The amendment incorporates that as part of the rule.

MR. G. RAMACHANDRAN: ഗവണ്മെൻറ് ഗ്രാൻറ് തരുമെന്നു് പറയുന്നതു് ഏതു വ്യവസ്ഥയെ അടിസ്ഥാനപ്പെടുത്തിയാണു് തരുന്നതെന്നു അറിഞ്ഞാൽ കൊള്ളാം.

MR. PRESIDENT: മെംബറന്മാർക്കു ഇപ്രകാരം അഭിപ്രായം ചോദിക്കുന്നതിനു് അധികാരമില്ല.

MR. R. V. THOMAS: ഗവണ്മെൻറിനോടു് ആവശ്യപ്പെടുന്ന ഗ്രാൻറ് തരുമെന്നു പറയുന്നതിനു ഇപ്പോൾ സാധിക്കുമോ?

MR. G. RAMACHANDRAN: ന്യായമല്ലാത്ത കാര്യങ്ങൾക്കു മറുപടി ഞാൻ പറയാം എന്നു മാത്രമേ പറയുന്നതു ശരിയാണോ?

LIBRARY ARCHIVES Kerala Legislative Assembly

MR. K. R. ELANKATH: ഈ പ്രമേയത്തെ അനുകൂലിച്ചുകൊണ്ട് രണ്ടുവാക്ക് പറയാമെന്ന് വിചാരിക്കുന്നു. വാസ്തവത്തിൽ ഇതു് ഒരു പ്രധാനപ്പെട്ട പ്രശ്നമാണ്. ഈ പ്രതിനിധിസഭ യഥാർത്ഥത്തിൽ ഗവണ്മെൻറിന്റെ അംശമാണെന്നുള്ളതിൽ യാതൊരു സംശയവുമില്ല. പരമാധികാരത്തെ സംബന്ധിച്ച പല ചോദ്യങ്ങളുമിടയുണ്ടായി. മഹാരാജാവു തിരുമനസ്സിലെ പരമാധികാരത്തിന് വിധേയമായി ഈ സഭയ്ക്ക് തിരുവിതാംകൂറിന് വേണ്ട ഭരണഘടന എഴുതിയുണ്ടാക്കുന്നതിന് സകല അധികാരങ്ങളുമുണ്ട്. ഒരു ഭരണഘടന നിർമ്മിക്കുന്നതിനുള്ള അധികാരം നൽകിക്കൊണ്ട് മഹാരാജാവു തിരുമനസ്സുകൊണ്ടു് തിരുവെഴുത്തു വിളംബരം പ്രഖ്യാപനം ചെയ്തപ്പോൾ ഈ സഭയേയോ അതിന്റെ ചിലവുകളേയോ സംബന്ധിച്ചിടത്തോളം ഗവണ്മെൻറിന്റെ അധികാരത്തിൽ നിന്നും ഒഴിവാക്കാനിരുത്തിയിരുന്നുവെങ്കിൽ മി. പി. ടി. ചാക്കോ ചോദിച്ച ചോദ്യത്തിനു അനുകൂലമായ മറുപടി ഉണ്ടാകുമായിരുന്നു.

MR. ABDUL AZIZ *(Trivandrum II—Muslim Reserved)*: ഇവിടെ വാദപ്രതിവാദങ്ങളും നടന്നുകൊണ്ടിരിക്കുമ്പോൾ ഒരു മെംബർ മുറി നടന്നു കൃാൻവാസ്സു നടത്തുന്നതു ശരിയാണോ?

MR. PRESIDENT: ഈ ഹൌസിനകത്തുവച്ചു കൃാൻവാസ്സ് ചെയ്യുന്നതു് ശരിയല്ല.

MR. P. BALAKRISHNAN THAMPI: Can a member go about and talk without disturbing the House?

MR. PRESIDENT : ഈ ഹൌസിനകത്തുവച്ചു് കൃാൻവാസ്സ് ചെയ്യുന്നതു് ശരിയല്ലെന്നു് ഞാൻ ഒരിക്കൽകൂടി പറയുന്നു.

MR. K. A. GANGADHARA MENON : On a matter of information, Is not the chief whip of a party entitled to issue a writ?

MR. PRESIDENT : അപ്രകാരം ചെയ്യേണ്ടതാണു.

MR. K. R. ELANKATH: Sir, എന്റെ സമയം ചില ബഹുമാനപ്പെട്ട മെംബറന്മാർ അപഹരിക്കുകയുണ്ടായി. ഞാൻ പറഞ്ഞുകൊണ്ടുവന്നതു നമ്മുടെ ബഡ്ജറിനു ഗ്രാൻറനുവദിക്കുന്നതിനെപ്പറ്റിയായിരുന്നു. നാം രൂപീകരിക്കുന്ന ബഡ്ജറു ഗവണ്മെൻറു തരുന്ന ഗ്രാൻറിനെ ആസ്പദമാക്കിയിരിക്കുമെന്നാണു ഒരു മെംബർ ഇവിടെ പറഞ്ഞതു. ഗവണ്മെൻറു അനുവദിച്ച ഗ്രാൻറു മതിയാകാതെ

LIBRARY ARCHIVES Kerala Legislative Assembly

വന്നാൽ എന്താണു ചെയ്യേണ്ടതു്? എന്ന ചോദ്യവും ഉന്നയിക്കപ്പെട്ടു. വാസ്തവത്തിൽ ഇതിനു എടുക്കേണ്ട നടപടി എന്തെന്നാൽ ഈ സഭയിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള സ്റ്റാൻറിംഗ് കമ്മിറ്റി സഭയ്ക്കു് വേണ്ട ബഡ്ജറ്റു് രൂപീകരിക്കണമെന്നുള്ളതാണു്. അങ്ങനെ രൂപവൽക്കരിക്കുന്ന ബഡ്ജറ്റിനെപ്പറ്റി കമ്മിറ്റിക്കു് ഗവണ്മെൻറിനോടു് ആലോചിക്കാൻ യാതൊരു തടസ്സവുമില്ല. ഇതിൻറെ സാദ്ധ്യതയെപ്പറ്റി ചില വിഷമതകളും ഉണ്ടെന്ന അഭിപ്രായമാണു് ചില മെംബറന്മാർ പുറപ്പെടുവിച്ചതു്. ആരോടും ആലോചിക്കാതെയല്ല ഒരു ബഡ്ജറ്റു് ഈ സഭയുടെ മുമ്പാകെ കൊണ്ടുവരുന്നതു് എന്നവർ ഓർക്കണം. നേരേമറിച്ചു് സ്റ്റാൻറിംഗ് കമ്മിറ്റി, വേണ്ടവണ്ണം ആലോചിച്ചശേഷമാണു് അതു് ബഡ്ജറ്റു് രൂപവൽകരിക്കുന്നതു. ഈ സഭയുടെ ആവശ്യങ്ങളെ പരിഗണിച്ചു് ഗവണ്മെൻറു് അധികൃതരുമായി ആലോചിച്ചിട്ടു് ഒരു ബഡ്ജറ്റു് രൂപവൽകരിക്കുന്നതായാൽ അതു ഈ സഭയുടെ മുമ്പാകെ സമർപ്പിക്കുമ്പോൾ അംഗീകരിക്കുന്നതിനു് യാതൊരു വിഷമവും കാണുന്നതല്ല.

The House adjourned for lunch at 1-30 P. M. and met again at 2-30 P. M. with the president (Hon'ble Mr. A. J. John) in the Chair.

Announcement re: election to the Advisory Committee and the Standing Committee.

MR. PRESIDENT : സഭാനടപടികൾ തുടങ്ങുന്നതിനു മുൻപായി എനിക്കൊരു സ്റ്റേറ്റുമെൻറു പ്രസ്താവിക്കാനുണ്ടു്.

ഈ പ്രതിനിധിസമിതിക്കു് ഒരു അഡ്വൈസറിക്കമ്മിറ്റി ഉണ്ടായിരിക്കണമെന്ന രൂൾ പാസ്സായിക്കഴിഞ്ഞു. അഡ്വൈസറിക്കമ്മിറ്റി തിരഞ്ഞെടുപ്പു ഏപ്രിൽ ൨൧-ാം നു- ബുധനാഴ്ച നടത്തുന്നതാണു്.

ഈ കമ്മിറ്റിയിലേക്കുള്ള തിരഞ്ഞെടുപ്പിനു് ആവശ്യമായ നോമിനേഷൻപേപ്പർ നാളെ (ഏപ്രിൽ ൨൦-ാം നു-) ചൊവ്വാഴ്ച രാവിലെ ൧൧ മണിക്കു മുൻപു് ഈ സഭാസെക്രട്ടറിയെ ഏൽപ്പിച്ചിരിക്കേണ്ടതാണു്.

നിർദ്ദിഷ്ടസമയത്തിനകത്തു് കിട്ടുന്ന എല്ലാ നോമിനേഷൻപേപ്പറുകളും നാളെ (ഏപ്രിൽ ൨൦-ാംനു- ഉച്ചക്കു് ൧൨ മണിക്കു്) ഈ സഭാമന്ദിരത്തിൽവച്ചു പരിശോധനയ്ക്കു് എടുക്കുന്നതാണു.

പരിശോധന കഴിഞ്ഞതിനുശേഷം സ്ഥാനാർത്ഥികളുടെ ഫൈനൽ ലിസ്റ്റു് പരസ്യം ചെയ്യുന്നതാണു.

നാളെത്തന്നെ (ഏപ്രിൽ ൨൦-ാം നു-) ൩ മണിക്കു മുൻപു് ഏതെങ്കിലും സ്ഥാനാർത്ഥിക്കു പിൻമാറാവുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly

[Mr. President.]

കമ്മറിക്ക് ആവശ്യമുള്ളിടത്തോളം സ്ഥാനാർത്ഥികളെ മാത്രമേ നോമിനേറ്റ ചെയ്തിട്ടുള്ളൂ എന്നുവരികിൽ അവരെ എല്ലാവരേയും കമ്മറിയിലേക്ക് തിരഞ്ഞെടുത്തിരിക്കുന്നതായി പ്രസ്താവിക്കുന്നതാണ്. കമ്മറിക്ക് ആവശ്യമുള്ള എണ്ണത്തിൽ കൂടുതൽ സ്ഥാനാർത്ഥികൾ ഉണ്ടെങ്കിൽ തിരഞ്ഞെടുപ്പ് ബുധനാഴ്ച (ഏപ്രിൽ 21-ാം തീ) ഉച്ചയ്ക്ക് മേൽ 2 മണിക്ക് ഈ സഭാമന്ദിരത്തിൽവച്ച് നടത്തുന്നതാണ്.

തിരഞ്ഞെടുപ്പ് വേണ്ടിവരുന്നപക്ഷം സ്ഥാനാർത്ഥികളുടെ പേരുകൾ അച്ചടിച്ചിട്ടുള്ള ബാലറ്റുപേപ്പറും, വോട്ടുചെയ്യുന്നതിനുള്ള വിവരങ്ങളടങ്ങിയ ലഘുലേഖയും നാളെ (ഏപ്രിൽ 20-ാം തീ) വൈകുന്നേരം 4-30 മണിയോടുകൂടി ഹാജരുള്ള എല്ലാ മെംബർമാർക്കും കൊടുക്കുന്നതും, ഹാജരില്ലാത്ത മെംബർമാരുടെ തിരുവനന്തപുരം മേൽവിലാസത്തിൽ അയച്ചുകൊടുക്കുന്നതുമാണ്.

ഈ പ്രതിനിധിസഭയിലേക്ക് ഒരു സ്റ്റാൻറിംഗ് കമ്മിറ്റി ഉണ്ടായിരിക്കണമെന്ന പ്രമേയം പാസ്സായികഴിഞ്ഞു. സ്റ്റാൻറിംഗ് കമ്മിറ്റി തിരഞ്ഞെടുപ്പ് ഏപ്രിൽ 21-ാം തീ ബുധനാഴ്ച നടത്തുന്നതാണ്.

ഈ കമ്മറിയിലേക്കുള്ള തിരഞ്ഞെടുപ്പിൽ ആവശ്യമായ നോമിനേഷൻപേപ്പർ നാളെ (ഏപ്രിൽ 20-ാംതീ) ചൊവ്വാഴ്ച രാവിലെ 11 മണിക്കു മുൻപ് ഈ സഭാസെക്രട്ടറിയെ ഏൽപ്പിച്ചിരിക്കേണ്ടതാണ്.

നിർദ്ദിഷ്ടസമയത്തിനകത്തു കിട്ടുന്ന എല്ലാനോമിനേഷൻ പേപ്പർകളും നാളെ (ഏപ്രിൽ 20-ാം തീ) ഉച്ചയ്ക്കുമേൽ 2-മണിക്ക് ഈ സഭാമന്ദിരത്തിൽവച്ച് പരിശോധനയ്ക്ക് എടുക്കുന്നതാണ്.

പരിശോധനകഴിഞ്ഞതിനുശേഷം സ്ഥാനാർത്ഥികളുടെ ഫൈനൽ ലിസ്റ്റ് പരസ്യം ചെയ്യുന്നതാണ്.

നാളെത്തന്നെ (ഏപ്രിൽ 20-ാംതീ) 5 മണിക്ക് മുൻപ് ഏതെങ്കിലും സ്ഥാനാർത്ഥിക്ക് പിൻമാറാവുന്നതാണ്.

കമ്മിറ്റിക്ക് ആവശ്യമുള്ളിടത്തോളം സ്ഥാനാർത്ഥികളെ മാത്രമേ നോമിനേറ്റ ചെയ്തിട്ടുള്ളൂ എന്നുവരികിൽ അവരെ എല്ലാവരെയും കമ്മറിയിലേക്ക് തിരഞ്ഞെടുത്തതായി പ്രസ്താവിക്കുന്നതാണ്. കമ്മിറ്റിക്ക് ആവശ്യമുള്ള എണ്ണത്തിൽ കൂടുതൽ സ്ഥാനാർത്ഥികൾ ഉണ്ടെങ്കിൽ തിരഞ്ഞെടുപ്പ് ബുധനാഴ്ച (ഏപ്രിൽ 21-ാംതീ) ഉച്ചയ്ക്ക് മേൽ 2 മണിക്ക് ഈ സഭാമന്ദിരത്തിൽവച്ച് നടത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

തിരഞ്ഞെടുപ്പു വേണ്ടിവരുന്ന പക്ഷം സ്ഥാനാർത്ഥികളുടെ പേരു കൾ അച്ചടിച്ചിട്ടുള്ള ബാലറ്റുപേപ്പറും, വോട്ടുചെയ്യുന്നതിനുള്ള വ്യവ രങ്ങളടങ്ങിയ ലഘുവും നാളെ (ഏപ്രിൽ ൨൦-ാംനു-) വൈകുന്നേരം ൪-നു മണിയോടുകൂടി ഹാജരുള്ള എല്ലാ മെംബർമാർക്കും കൊടുക്കു ന്നതും, ഹാജരില്ലാത്ത മെംബർമാരുടെ തിരുവനന്തപുരം മേൽവിലാസ ത്തിൽ അയച്ചുകൊടുക്കുന്നതുമാണ്.

MR. K. R. ELANKATH : ഒരു സംഗതികൂടി ഞാൻ പ്രസ്താവിച്ചുകൊ ള്ളട്ടെ. ഈ അസംബ്ലിക്ക് ഒരു വലിയ ഉത്തരവാദിത്വമുണ്ട്. ഇപ്പോൾ ഇവിടെ ജനകീയ ഗവണ്മെൻറാണുള്ളതെന്നും, നമ്മുടെ അവശ്യവും നിയമസഭയോടു ഉത്തരവാദിത്വമുള്ള ഗവണ്മെൻറിൻെറ അവശ്യവും തമ്മിൽ ഒരിക്കലും സംഘട്ടനം ഉണ്ടാകാൻ ഇടയില്ലെന്നും നാം ഓർക്ക ണം. അങ്ങനെ സംഘട്ടനം ഉണ്ടാക്കാതിരിക്കാൻ നാം ഓരോരുത്തരും ശ്രദ്ധിക്കേണ്ടതുമാണ്. ഈ സഭയിലെ അംഗങ്ങൾ തന്നെയാണ് നിയമ സഭയിലെയും അംഗങ്ങൾ. അതിനാൽ ഒരംഗത്തിന് ആ മെംബർ നിയമസഭാമെംബർ കൂടിയാകുമ്പോൾ, രാജ്യത്തിൻെറ ധനസ്ഥിതി, പ്രധാനമായ വരവു്, ചെലവു് ഇവസംബന്ധിച്ചു് മന്ത്രിസഭയെ ഉപ ദേശിക്കേണ്ട കടമയുമുണ്ട്. ഈ നിലയ്ക്കു് ഈ സഭയും നിയമസഭയും തമ്മിലുണ്ടാകുന്ന സംഘട്ടനം രണ്ടുസഭയിലേയും അംഗത്വം തമ്മിലുണ്ടാകു ന്നസംഘട്ടനംതന്നെയായിരിക്കും. അതിനാൽ യാതൊരു കാരണവശാലും ഒരു സംഘട്ടനം ഉണ്ടാകാൻ ഇടകൊടുക്കാത്തവണ്ണം വ്യവസ്ഥചെയ്യു ന്നതിൽ നാം ശ്രദ്ധിക്കണം. പ്രതിനിധിസഭക്കെതിരായി ഗവണ്മെൻറു പ്ര വർത്തിക്കുമെന്നു വിചാരിക്കുന്നുവെങ്കിൽ അതിൻെറ അർത്ഥം നാം നമ്മുടെ ജനകീയഗവണ്മെൻറിനെ നിഷേധിക്കുന്നു എന്നും ജനപ്രതിനിധികളെ നമ്മുടെ ഗവണ്മെൻറുതന്നെ അവഗണിക്കുന്നു എന്നുമാണ്. നമ്മുടെ നിയമസഭയ്ക്കു് മറേറതൊരു സ്ഥാപനത്തെക്കാളും പരമാധികാരമുണ്ടെ ന്നുള്ളതിനു് സംശയമില്ല. ഈ രാജ്യത്തുള്ള ഡിപ്പാർട്ടുമെൻറുകളിൽ കൊട്ടാരം, ദേവസ്വം, ഹിന്ദുറിലിജസ് എൻഡൗമെൻറ്സ് എന്നിവ ഒഴികെയുള്ള എല്ലാ ഡിപ്പാർട്ടുമെൻറുകളും നിയമസഭയോടു ഉത്തരവാ ദപ്പെട്ടിരിക്കുന്നതാണെന്ന് വിളംബരത്തിൽതന്നെ പ്രഖ്യാപിച്ചിട്ടുണ്ട്. ഈ പ്രതിനിധിസഭാവിലപുകളെ ഇങ്ങിനെ ഒഴിവാക്കീട്ടില്ലെന്നുള്ള കാര്യം നാം വിസ്മരിക്കരുതു്. അതുകൊണ്ടു് ഈ സഭയുടെ ചിലവുകൾ നിയമ സഭയുടെ നിയന്ത്രണത്തിനു വിധേയമാണു്. ഗവണ്മെൻറും ജനങ്ങളും തമ്മിൽ ഒരു സംഘട്ടനം ഉണ്ടാകാൻപോകുന്നില്ല, അങ്ങനെയുള്ള ഭീതി ക്കു് അവകാശവുമില്ല. ഇതുയും പറഞ്ഞുകൊണ്ടു് ഈ ഭേദഗതിയെ ഞാൻ ശക്തിയായി അനുകൂലിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

MR. U. K. VASUDEVAN ASARI (*Kottayam III—Kammala reserved*) : ഫ്രാൻസ്-ലെ മഹാരാജ്വത്തിരുമനസ്സിലെ പ്രഖ്യാപനം അനുസരിച്ചു കൂടിയിരിക്കുന്ന ഭരണഘടനാസമിതിയിൽ തയാറാക്കുന്ന ബഡ്ജറിനു തിരുമനസ്സിലെ ഗവണ്മെൻറു് അനുമതി നൽകുമെന്നുള്ള പ്രതീക്ഷയോടുകൂടിയാണു് നിയമത്തിൽ ഇങ്ങനെ വ്യവസ്ഥ ചെയ്തിരിക്കുന്നതു്.

ബഹുമാനപ്പെട്ട മെംബർമാർ, ഈ സഭയും നിയമസഭയും രണ്ടാണെന്നു കരുതി ഭയപ്പെടുത്തുന്നതുപോലെ തോന്നുന്നു. രണ്ടുംകൂടി വൃത്തിൽ ഒന്നാണു്. എന്നാൽ നിർദ്ദേശം നൽകാനുള്ള അധികാരം ഈ സഭയ്ക്കും അതംഗീകരിക്കാനുള്ള അധികാരം നിയമസഭയ്ക്കും ആണുള്ളതെന്നുള്ള ഒരു വ്യത്യാസവും ഉണ്ടു. ഇതു രണ്ടിനെയും കൂട്ടിയിണക്കുന്നതിനാണു് ഈ ഭേദഗതികൊണ്ടുദ്ദേശിച്ചിരിക്കുന്നതു്. അതിനാൽ ഭേദഗതിയിൽപറഞ്ഞിരിക്കുന്നപ്രകാരം ബഡ്ജറു് തയാറാക്കുകയാണുവേണ്ടതു്. ഇത്രയുംപറഞ്ഞുകൊണ്ടു് ഞാൻ ഈ ഭേദഗതിയെ അനുകൂലിക്കുന്നു.

MR. A. NESAMONY : Sir, I oppose this amendment. It is beside the point to consider at this stage whether we are a sovereign body or not. We are a creature of a statute and we know our status. We have been constituted with a definite purpose. Our function is to discharge the task that has been definitely entrusted to us namely to modify or revise the constitution that has been promulgated by H. H. the Maharaja. The point to be considered now is whether the standing committee should frame an estimate of expenditure by itself or in consultation with the finance department which I believe is at present under the Minister in charge of Finance. That is the question which has to be considered by this body. In the course of an answer to a question, the honourable member who moved this, stated that the question has been directed by persons who even now think that they are working an old government. Sir, I might observe that so far as we are concerned we find no difference at all between the old and the new.

MR. PRESIDENT : Please confine to the amendment in issue.

MR. A. NESAMONY : I am sorry. It was only because the honourable minister had made certain observations I had to reply him this way.

MR. K. SIVARAMA PILLAI (*Thovala-General*) : Sir, I oppose this amendment for two reasons. It is not a question whether we are a sovereign body or not. One thing is certain that we are the elected representatives who feel a responsibility to ourselves and to the general public. As far as the expenditure is concerned the question is, who should say what ought to be the expenditure of this House. Is it not for this Body ? Is it not for the members of this

LIBRARY ARCHIVES Kerala Legislative Assembly

Body to say what will be the minimum expenditure which ought to be expended for the successful carrying on of the constitution to be prepared by this House? To say that we must seek the aid of an outside body to frame a budget, is to encroach on the right of this body. The amendment assumes also that this House may at times vote in an irresponsible manner for huge sums which requires curtailment by some body who is responsible to Government. I say that we feel that we are responsible not only to His Highness the Maharaja but to the general body that elected us. I think our expenditure will be at the minimum and when such a budget is sent to Government what I say is, whether it be the Finance Secretary or the Finance Minister, no Government can refuse such a budget. If that is the position, that moment the finance authority will have to quit his office. Secondly, as the Tamil saying goes who is to be the mother-in-law? whether the power to refuse a grant must be with Government or the Finance Secretary. Just as when somebody goes begging, is it not the right of the mother-in-law to say or has the power to refuse it? The honourable member who moved the amendment is also the Finance Minister in this instance. He wants the power to himself. But Government have stated that there is transfer of power and responsibility to people. What is seen here is a change of person but not change of policy of Government. But the amendment seeks something else and the honourable Minister wants power to himself. Such an attitude we must condemn. So what I say is the Rule as it originally stood must be accepted. If the rule is to be accepted with the amendment, it will be below the dignity of this House. As one of the honourable members said, if this House demands any amount out of proportion, the honourable Finance Minister can bring to the notice of this House that Government is not in a position to pay this amount. That is the only objection which can be raised. If the Government is unwilling to pay this amount or is not in a financial position to pay, the honourable the Prime Minister who is also a member of this House can at any time bring to the notice of the House that the Government is so poor as not to meet the expenses relating to this Assembly. Then all the members will feel their responsibility and will work honorarily and finish the constitution making as early as possible.

MR. K. A. MUHAMMED: സർ, ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. ഈ ഭേദഗതി ആവശ്യമില്ലാത്തതാണെന്നാണെന്റെ അഭിപ്രായം. എന്തുകൊണ്ടെന്നാൽ കോൺസ്റ്റിട്ടുവൻസ് അസംബ്ലിയുടെ നടപടികളെ നിയന്ത്രിക്കുന്നതിനായി ആദ്യമേതന്നെ ഒരു നടപടി ഇന്ത്യൻ കോൺസ്റ്റിട്ടൂഷനിൽ സ്വീകരിച്ചിട്ടുണ്ട്. അതിനെ ഉപജീവിച്ചാണ് ഇവിടത്തെ നടപടി. അവിടത്തെയും ഇവിടുത്തെ നയത്തെ സംബന്ധിച്ചു കൂടുതലായി യാതൊരു ഭേദവും വരുത്തിയിട്ടില്ല. സെക്ഷൻ 8 സ-ൽ പറയുന്നതു.

LIBRARY ARCHIVES Kerala Legislative Assembly

[Mr K. A. Muhammed]

46 (1) "A statement of the estimated expenditure Representative Body shall be prepared by the Standing Committee and placed before the Representative Body for sanction"

എന്നാണ്. ഈ കാൺസ്റ്റിറ്റ്യൂവൻറ് അസംബ്ളിക്ക് എന്തു ചെലവു ണ്ടാകുമെന്നുള്ളതിൻെറ ഒരു കണക്ക് ഒരു സ്റ്റാൻഡിംഗ് കമ്മറ്റി രൂപീകരിച്ച് സഭയിൽ അവതരിപ്പിക്കണമെന്നാണ് പറഞ്ഞിട്ടുള്ളത്. സ്റ്റാൻഡിങ്ങ് കമ്മറ്റിതന്നെ 12 പേർ തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള താണ്. ക്രോതെ മറ്റു വല്ല കാര്യങ്ങളെക്കുറിച്ചും ആലോചിക്കണമെ ന്നുണ്ടെങ്കിൽ അതിനും, 8 പേർ ക്രോടിയുണ്ട്. അങ്ങനെ ഈ സഭ യിലില്ലാതിരിക്കുന്ന നാലുപേർക്കോടി ഈ കമ്മറ്റിയിൽ വരുന്നുണ്ട്. ആ നാലുപേരിൽ ഫിനാൻഷ്യൽ സെക്രട്ടറിയേയും സാമ്പത്തിക വിദഗ്ദ്ധന്മാ രുണ്ടെങ്കിൽ അവരെയും വേണമെങ്കിൽ ഇതിലേയ്ക്ക് കോവാപ്റ്റ് ചെയ്യാം. അങ്ങനെയുള്ള സ്റ്റാൻഡിങ്ങ് കമ്മറ്റി പാസാക്കണമെന്നാണ് പറയുന്നത്. ഇത് വളരെ ഗൗരവമുള്ള ഒരു കാര്യമുള്ളതാണ്. തിരു വിതാംകൂറിന് എന്തു മുതലെടുപ്പുണ്ട്. അതനുസരിച്ച് എന്തു ചെലവാ ക്കാൻ കഴിയും, എന്നുള്ളതൊക്കെ കമ്മിറ്റി ശരിയായി തീരുമാനിക്കേ ണ്ടതാണ്. ഇത് വളരെ ഉത്തരവാദിത്വമുള്ള ഒരു സഭയാണ്. ഇവി ടെ പരമാധികാരം ഉണ്ടോ ഇല്ലയോ എന്നുള്ള പ്രശ്നം ഇല്ല. അഥവാ ഉണ്ടെങ്കിൽതന്നെ അത് മഹാരാജാവു തിരുമനസ്സിലേക്ക മാത്രമാണ്. അതിനു വേണമെങ്കിൽ ഒരു ഉദാഹരണം പറയാം. ഈ സഭ ക്രോടിയപ്പോൾ നാം ഇവിടെ ഒരു താല്ക്കാലിക ഗവണ്മെൻറ് ജനങ്ങളുടേതായി വേണ മെന്നു പറഞ്ഞു് മഹാരാജാവുതിരുമനസ്സിനോടപേക്ഷിച്ചു. അതു് തിരു മനസ്സുകൊണ്ട് അനുവദിച്ചു. പിന്നിട്ട്, ഈ സഭതന്നെ ഒരു ലജിസ്ലേ ച്ചറായി തുടരണമെന്നും അപേക്ഷിച്ചു. അതും അനുവദിച്ചു. ഇങ്ങനെ നാം അപേക്ഷിക്കുമ്പോഴെല്ലാംതന്നെ, തിരുവിതാംകൂറിലെ പൊതുജന ങ്ങളെ പ്രതിനിധികരിക്കുന്ന ഒരു സഭയാണിതു്. ഇവിടെ ചെയ്യുന്ന തീരുമാനങ്ങൾ മഹാരാജാവുതിരുമനസ്സുകൊണ്ട് സ്വീകരിക്കും എന്നുള്ള പൂർണ്ണവിശ്വാസത്തോടുക്രോടിയാണ് അതു ചെയ്യുന്നതു്. അപ്പോൾ നാം ഈ സഭയെ ഒരു sovereign body ആയിട്ടുതന്നെ ഗണിച്ചുപോരുന്നുണ്ട്. തിരുവിതാംകൂറിൽ പ്രായപൂർത്തി വോട്ടവകാശത്തോടുക്രോടി വന്നിട്ടുള്ള ഒരു സഭയാണ് ഇതു്. ഇതിനു് പരമാധികാരം ഉണ്ടെന്നാണ് നമ്മുടെ വിശ്വാസം. അങ്ങനെയുള്ള ഒരു നിയമസഭ അവരവരുടെ ചെലവു ന്തായിരിക്കുമെന്നു് നിശ്ചയിക്കുന്നതു് ബുദ്ധിപൂർവ്വമായിട്ടേ ചെയ്യുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

അതിനുമുകളിൽ ഒരുതരത്തിലും അഭിപ്രായം പറയുന്നതിനുള്ള സ്റ്റാൻഡിംഗ് ഉണ്ടെന്നു തോന്നുന്നില്ല. അതുകൊണ്ട് നാം ഇവിടെ ചെയ്യുന്ന തീരുമാനങ്ങൾ മറ്റൊരാളുമായി അഭിപ്രായം വിട്ടുകൊടുക്കാൻ പാടില്ല. അതുകൊണ്ട് ദോഷമൊന്നും വരാൻ പോകുന്നില്ല. ഫിനാൻഷ്യൽ സെക്രട്ടറിയെ വേണമെങ്കിൽ ഈ കമ്മറ്റിയിലേക്ക് നോമിനേറ്റ് ചെയ്യാം. അങ്ങനെ ഒരുതോട്ട് ഈ കമ്മറ്റിയിലെ ഒരംഗമെന്ന നിലയിൽ അഭിപ്രായിക്കാം. അല്ലാതെ കമ്മറ്റിയിൽ തീരുമാനിച്ചുകഴിഞ്ഞിട്ട് അങ്ങനെതോട്ട് അഭിപ്രായിക്കേണ്ട ആവശ്യമില്ല. മറ്റൊരു കാര്യം, ഈ സഭതന്നെ പല തീരുമാനങ്ങളും ചെയ്യും. ഈ സഭചെയ്യുന്ന തീരുമാനങ്ങൾ നമ്മെക്കാൾ കൂടുതൽ അറിയാവുന്നവർ വെളിയിലുണ്ടെന്നു വിചാരിച്ച് അവരോടാലോചിച്ച് അതനുസരിച്ചുപോകുന്ന രീതിയല്ല ഉള്ളത്.

MR. K. R. ELANKATH: സ്റ്റാൻഡിംഗ് കമ്മറ്റിയിലെ മെമ്പറന്മാർ ഇതിനകത്തുനിന്നു തന്നെ ആയിരിക്കണമെന്ന് വ്യവസ്ഥയുള്ളതായി അറിയാമോ?

MR. K. A. MUHAMMED: ഞാൻ ഇവിടെ പറയാൻശ്രമിച്ചതു് ഇതു മാത്രമാണു്. നാം പല കമ്മിറ്റികളെ നിയമിച്ചിട്ടുണ്ടു. പ്രസിഡന്റിനു നാമിനേറ്റ് ചെയ്യാനുള്ള അധികാരവും കൊടുത്തു് Constitutional ആയിട്ടുള്ള നടപടികളാണു് സ്വീകരിച്ചിട്ടുള്ളതു്. അങ്ങനെയുള്ള നടപടികൾക്കു് വെളിയിലുള്ള കക്ഷികൾ ഇടപെടേണ്ട ആവശ്യമില്ല. ഫലം അംഗങ്ങൾകൂടി ചെയ്യുന്ന ഒരു തീരുമാനം മറ്റൊരാളുമായി പിന്നെ ആലോചിക്കേണ്ട ആവശ്യമില്ല. ഈ കാരണങ്ങൾകൊണ്ടു് ഞാൻ ഭേദഗതിയെ എതിർക്കുന്നു.

MR. D. GNANASIGAMONI *(Kalkulam II—General)*: Sir, I oppose this Amendment. In doing so, I would like to point out that Clause (f) of Rule 37 says "The Standing Committee shall frame a budget or supplementary budget for submission to the Representative Body." This is a rule which has already been passed. My submission is whether it would now be proper to modify a provision which has already been passed and adopted by the House.

Another point is that there is already a provision in the Proclamation constituting the Representative Body in its 4th Paragraph which reads like this. "Our Government shall take the necessary steps and issue necessary rules and orders for carrying out this proclamation." So that my submission is that here is a duty cast on the Government to do all that is necessary to carry on the work of the Representative Body. All that is required for this House to do is to suggest what all is necessary to carry on the wor

LIBRARY ARCHIVES Kerala Legislative Assembly

[Mr. D. Gnanasigamoni]

of the Representative Body. This is a sovereign body and all its decisions and work done by it are sovereign in itself. There is no question of consultation with any outside authority. All that we have to do is to communicate the decision of this House to Government and Government would pass necessary consequential orders. Moreover, I would like to point out, that on a prior occasion the following resolution was moved and passed by this House and sent up to Government :—

"Pending the decision of the Representative Body in that behalf, the President shall fix the salaries and other allowances of the Members of the Representative Body.....". The President, as a matter of fact did act under that resolution and communicates his decision to Government. The same procedure has to be followed here as well. Therefore, I do not see any reason why a variation should now be made in this rule. My submission is that this rule has to be accepted as it is and no variation made.

MR. P. S. MUHAMMED: സർ, ഭേദഗതിയെ സംബന്ധിച്ച് രണ്ടു വാക്കു പറഞ്ഞാൽകൊള്ളാമെന്നു വിചാരിക്കുന്നു. ഭേദഗതി അവതരിപ്പിച്ചിട്ടുള്ളത് അതിന്റെ അവതാരകൻ ഈ സഭയിലെ മെമ്പറന്മാരുടെ ഉത്തരവാദിത്വത്തെ ഏറ്റവും കൂടുതലായി അവഗണിച്ചിട്ടുള്ളതിന്റെ ഫലമായിട്ടാണ് എന്നാണെനിക്കു തോന്നുന്നത്. മഹാരാജാവുതിരുമനസ്സുകൊണ്ട് ഈ സഭയിൽനിന്നും നിയമിച്ച ഒരു ഗവണ്മെന്റും ഈ സഭയും തമ്മിൽ അസുഖകരമായ ഒരു രംഗം ഉണ്ടാകാതിരിക്കണമെന്നാണ് എന്റെ അഭിപ്രായം. ഇന്നത്തെ ഗവണ്മെന്റിന് ഈ സഭയോട് യാതൊരുവിധത്തിലും ഉത്തരവാദിത്വമില്ലെങ്കിലും നിയമസഭയോട് നേരിട്ടു ഉത്തരവാദിത്വമുള്ളതാണ്. അതുകൊണ്ട് ഈ സഭയിൽ ഇന്ന് ഏതെല്ലാം നിലയിലുള്ള കാര്യങ്ങൾ ഗവണ്മെന്റിന്റെ മുമ്പാകെ സമർപ്പിച്ചിട്ടുണ്ടോ അതെല്ലാം ന്യായമായിത്തന്നെ പരിചിന്തനം ചെയ്യുമെന്ന് നമുക്ക് ന്യായമായി പ്രതീക്ഷിക്കാവുന്നതാണ്. അതിനാൽ നമുക്ക് ഇവിടെ ആലോചിക്കാൻ ഉള്ളത് ഈ ഭേദഗതിയുടെ ആവശ്യമുണ്ടോ എന്നു മാത്രമാണ്. ഈ അമൻഡുമെന്റു പാസ്സായാലും ഇല്ലെങ്കിലും അതിന്റെ ഫലം ഒന്നുതന്നെ ആയിരിക്കുമെന്നു വ്യക്തമാകുന്നുണ്ട്.

HON'BLE MR. A. THANU PILLAI: സർ, ഞാൻ ആദ്യംപറഞ്ഞത് സുഗമമായ രീതിയിൽ കാര്യനടത്തിപ്പിന് നിർദ്ദേശിച്ച ഒന്നാണ് ഈ ഭേദഗതി. ഇതിൽ ഒരു ഗവണ്മെന്റുദ്യോഗസ്ഥൻ പറയുന്നതുപോലെ കാര്യങ്ങൾ ചെയ്യണ്ടിവന്നേക്കുമെന്ന ശങ്കയ്ക്കവകാശമില്ല. ഫിനാൻസു

LIBRARY ARCHIVES Kerala Legislative Assembly

ഡിപ്പാർട്ടുമെൻറുമായിട്ടാലോചിച്ചു കൊണ്ടുള്ളതാണെന്നുള്ളതു ശരിയായി നടപ്പാക്കുമെന്നുള്ളതിൽ കവിഞ്ഞു യാതൊന്നുമില്ല. അതുകൊണ്ടു ഈ ഭേദഗതിയോടുള്ള എതിർപ്പു ഒരുപ്രകാരത്തിലും സാധൂകരിക്കത്തക്കതല്ല. എന്നിരിക്കിലും പറഞ്ഞുവച്ച വാദങ്ങൾക്കു യാതൊരു ശക്തിയുമില്ല. അതുകൊണ്ടു എല്ലാവരും ഭേദഗതി സ്വീകരിക്കണം.

MR. PRESIDENT: രാം രത്നം "in consultation with the Finance Department of Government" എന്നുള്ള ഭേദഗതിയെ അനുകൂലിക്കുന്നവർ കൈ പൊക്കണം.

അനുകൂലിക്കുന്നവർ (ഏഴുപേർ)

പ്രതികൂലിക്കുന്നവർ (ഏഴുപേർ)

MR. PRESIDENT: രാം പാസ്സായിരിക്കുന്നു.

The amendment was put to vote and carried.
The rule amended reads as follows.—

46. (1) A statement of the estimated expenditure of the Representative Body shall be prepared by the standing Committee, in consultation with the Finance Department of the Government, and placed before the Representative Body for sanction.

(2) Supplementary statements may be similarly placed before the Representative Body in accordance with the directions of the President.

MR. SIVARAMA PILLAI : I demand a poll.

Ayes 82

1. മിസ്റ്റർ കെ. എ. ഗംഗാധരമേനോൻ
2. ,, പി. റ്റി. ചാക്കോ
3. മിസ്സ് ഹനിമസ്ക്രീൻ
4. മിസ്സ അക്കാമ്മ ചെറിയാൻ
5. മി. എ. അച്യുതൻ
6. ബഹു. മി. സി. കേശവൻ
7. ബഹു. മി. ടി. എം. വറുഗീസ
8. ബഹു. മി. എ. താണുപിള്ള
9. മി. പി. സി. തൊടിച്ചുൻ
10. മി. എ. പി. ഉദയഭാനു

LIBRARY ARCHIVES Kerala Legislative Assembly

൧൫. മിസ്റ്റർ ആർ. വി. തോമസ്
൧൬. ,, ആർ. ശങ്കർ
൧൭. ,, ജി. രാമചന്ദ്രൻ
൧൮. ,, കെ. പി. നീലകണ്ഠപ്പിള്ള
൧൯. ,, പി. എസ്. നടരാജപിള്ള
൧൰. ,, ടി. കെ. നാരായണപിള്ള
൨൦. ,, ഇ. ജെ. ഫിലിപ്പോസ്
൨൧. ,, ജി. ചന്ദ്രശേഖരപിള്ള
൨൨. ,, പി. ചാക്കോ
൨൩. ,, കെ. കെ. വെല്ലപ്പൻപിള്ള
൨൪. ,, എൻ. വി. ചാക്കോ
൨൫. ,, എൻ ഡി. ജോസ്
൨൬. ,, പി. കെ. കൃഷ്ണൻശാസ്ത്രി
൨൭. ,, കുമാരൻ ആശാരി
൨൮. ,, ഡി. കൃഷ്ണൻ പോറ്റി
൨൰. ,, കെ. എം. കോര
൩൦. ,, മിസ്സസ് ദേവകീഗോപിനാഥ്
൩൧. ,, ഇ. ഭാസ്കരൻ
൩൨. ,, പി. ബാലകൃഷ്ണൻ തമ്പി
൩൩. ,, ആർ. അച്യുതൻ
൩൪. ,, അലക്സാണ്ടർ വാകയിൽ
൩൫. ,, തൽബർട്ട് ലോപ്പസ്
൩൬. ,, കൃഷ്ണൻ അയ്യപ്പൻ
൩൭. ,, പി. സി. ജോർജ്ജ്
൩൮. ,, കെ. ആർ. ഇഷ്ടകുമ്പ്
൩൯. ,, ഈശ്വരപിള്ള
൩൰. ,, ഈപ്പൻ ആറയ്ക്കൽ
൪൦. ,, എൻ. എസ്. കൊച്ചുകുഞ്ഞു
൪൧. ,, തരിയത്തുകുഞ്ഞിത്തൊമ്മൻ
൪൨. ,, പി. കുഞ്ഞുകൃഷ്ണൻ
൪൩. ,, ജോസഫ് മാളിയക്കൽ
൪൪. ,, കെ. എസ്. ജോസഫ്
൪൫. ,, കെ. കുട്ടപ്പൻ
൪൬. ,, കണ്ണാറ ഗോപാലപ്പണിക്കർ

LIBRARY ARCHIVES Kerala Legislative Assembly

ർ ൭. ഡാക്ടർ ഇ൪. കെ. മാധവൻ
ർ ന. മിസ്റ്റർ മന്നാർ കെ. പി ഗോപാലൻ നായർ
ർ ൾ ,, വി. മാധവൻ
ർ വ. ,, എം. മാധവൻ
ർ ൻ. ,, വി. ഓ. മക്കോസ്
ർ ൦. ,, കെ. എ. മാത്യു
ർ ൧. ,, എൻ. സി. മാത്യു
ർ ൨. ,, പി. നാണു
ർ ൩. ,, നാരായണൻ ചിറമ്പുല്ലൻ
ർ ൪. ,, എസ്. നീലകണ്ഠയ്യർ
ർ ൫. ,, മണ്ണത്തു പത്മനാഭപിള്ള
ർ ന. ,, എ. കെ. പാച്ചുപിള്ള
ർ ൾ. ,, പാറേ തളിയത്തു്
ർ വ. ,, ഇ൪ പി. പൗലോസ്
ർ ൻ. ,, എസ്. കുട്ടൻ
ന ൦. ,, കെ. രാമചന്ദ്രൻ
ന ൧. ,, കെ. രാമകൃഷ്ണനാചാരി
ന ൨. ,, പി. കെ. രാമൻ
ന ൩. ,, എ. രാമകൃഷ്ണ കരയാളർ
ന ൪. ,, റഫേൽ ജെ. റൊഡ്റിഗ്സ്
ന ൫. ,, ശങ്കരൻ നാടാർ
ന ന. ,, വി. കെ. വറുഗീസ്
ന ൾ. ,, പാണ്ടത്തു ശങ്കരപിള്ള
ന വ. ,, കെ. എൻ. ശങ്കുണ്ണിപ്പിള്ള
ന ൻ. ,, വി. ഗംഗാധരൻ നായർ
ൾ ൦. ,, എസ്. പണിക്കർ
ൾ ൧. ,, പൊന്നറ ജി. ശ്രീധർ
ൾ ൨. ,, പി. എം. വറുഗീസ്
ൾ ൩. ,, എൻ. പി. വറുഗീസ്
ൾ ൪. ,, യു. കെ. വാസുദേവൻ ഭട്ടാരി
ൾ ൫. ,, കെ. വേലായുധൻനായർ
ൾ ന. ,, അബ്ദുർ മജീദ്
ൾ ൾ ,, കെ. എം. ചാണ്ടി

LIBRARY ARCHIVES Kerala Legislative Assembly

൭൬. മിസ്റ്റർ ചെറിയാൻ ജെ.കാപ്പൻ
൭൯. ,, ഡാക്ടർ എം. ഒ. ചെറിയാൻ
൮൦. ,, എ. വി. ജോസഫ്
൮൧. ,, പി. ഗോപാലൻ
൮൨. ,, എം. ഗോവിന്ദൻ

Noes—15

൧. മിസ്റ്റർ പി. വി. ഉറുമീസ് തരകൻ
൨. ,, കെ. ശിവരാമപിള്ള
൩. ,, കെ. രാമൻ പിള്ള
൪. ,, എസ്. അബ്രോസ്
൫. ,, ടി. പൊന്നയ്യാ
൬. ,, പി. താണുപിള്ള നാടാർ
൭. ,, എ. നേശമണി
൮. ,, ഡി. ജ്ഞാനശിഖാമണി
൯. ,, ടി. കൊച്ചുകുട്ടൻ പിള്ള
൧൦. ,, എ. ചിദംബരനാഥ നാടാർ
൧൧. ,, ചെല്ലസ്വാമി നാടാർ
൧൨. ,, ശ്രീ. പി. ടോസ്
൧൩. ,, എലിയാസ് (മേരിആന്റെറാണി)
൧൪. ,, ഗബ്രിയേൽ നാടാർ
൧൫. ,, സദാശിവൻ

Neutral—8

൧. ,, പി. എസ്. മഹമ്മദ്
൨. ,, ടി. എ. അബ്ദുള്ള
൩. ,, കെ. എ. മഹമ്മദ്
൪. ,, മജീദ് മരയ്ക്കാർ
൫. ,, മുഹമ്മദ് മുസ്തഫാ
൬. ,, അബ്ദുൽ അസീസ്
൭. ,, എ. അബ്ദുൽ റസാക്ക്
൮. ,, പി. കെ. കുഞ്ഞു

LIBRARY ARCHIVES Kerala Legislative Assembly

MR. PRESIDENT: റൂം ർ ൈ-ന് മി. ആർ. വി തോമസ് ഒരു ഭേദഗതി കൊണ്ടുവന്നിട്ടുണ്ട്.

Rule 47.

MR. R. V. THOMAS: My amendment to Rule 47 sub rule (1) is as follows:—

"Delete the words "approved by the Standing Committee" occurring in the second line and substitute the words "by any member."

As amended the Rule will read as follows:—

"Allowances of the members shall be fixed by the Representative Body on a motion by any member."

The purpose of th› amendment is to give freedom to any member of the Representative Body to bring a motion to fix the allowances of the members of the Body. In the draft rules, every member has not the right to move for the allowances of members. Only after getting the previous sanction of the Standing Committee can any member bring in a motion. I would impress upon the House that any member of this Body must have the freedom to bring in a motion to fix the allowances of the members. I request that this amendment be passed.

MR. V. O. MARKOS: സർ, ർ ൈ-ാം റൂളിനെപ്പറ്റിയുള്ള മി ആർ. വി. തോമസ്സിന്റെ വാദഗതിയോട് എനിക്ക അനുകൂലിക്കുവാൻ നിവൃത്തിയില്ല. കാരണം, മെമ്പറന്മാരുടെ അലവൻസു മുതലായവ യെപ്പറ്റി നിർദ്ദേശങ്ങൾ കൊടുക്കേണ്ടത് സ്റ്റാൻഡി ഗ് കമ്മിറ്റിയായിരിക്കണമെന്ന് റൂളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ, ഈ വകുപ്പ് ചെലവിനങ്ങളെ സംബന്ധിക്കുന്നതായതുകൊണ്ട് നിശ്ചയമായും സ്റ്റാൻഡിംഗ കമ്മിറ്റിയുടെ ചർച്ചയ്ക്ക് വിഷയീഭവിപ്പിക്കേണ്ടത് ഏറ്റവും അത്യാവശ്യമായിട്ടുള്ളതുമാണ്. അതിനാൽ ഞാൻ ഈ മോഷനെ എതിർക്കുന്നു.

MR. R. V. THOMAS: That is the very purpose with which I move the amendment. The drafters of this rule have in their mind to curtail the power the Representative Body possesses. I would like to refer in this connection to another matter. It is this Body which has the supreme power to control the expenditure of this Body. The allowances which every member would have should be passed by this Body and every member should have a voice in this matter. As the rules stand if any member wants to bring in a motion, he will have to seek the approval of the Standing Committee. The purpose of my amendment is to remove the curtailment of that freedom. I press the amendment.

LIBRARY ARCHIVES Kerala Legislative Assembly